കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലാ നഗരസഭ – ജെ.സി.ബി.യും ടിപ്പറും വാങ്ങുന്നതിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും പലിശരഹിത വായ്പയെടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം. 1603/13/തസ്വഭവ തിരുവനന്തപുരം, തീയതി: 19.06.2013.

---

പരാമർശം: 1) 11.02.2013-ലെ സ.ഉ (സാധാ)നം.366/13/തസ്വഭവ.
2) കെ.യു.ആർ.ഡി.എഫ്.സി യുടെ 06.03.2013-ലെ KURDFC/ULB/353/20127/12 നമ്പർ കത്ത്.
3) പാലാ നഗരസഭാ സെക്രട്ടറിയുടെ 23.04.2013-ലെ എച്ച്2/എച്ച്3/485/12 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 26.04.2013-ലെ ഡി.സി.3-4543/13 നമ്പർ കത്ത്.

## ഉത്തരവ്

ഖരമാലിന്യ സംസ്ക്കരണ പദ്ധതിയ്ക്കു വേണ്ടി ജെ.സി.ബി.യും ടിപ്പറും വാങ്ങുന്നതിന് പലിശരഹിത വായ്പയായി 30,00,000/- (മുപ്പത് ലക്ഷം) രൂപ പാലാ നഗരസഭയ്ക്ക് അനുവദിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി-യ്ക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ടി 30,00,000/- (മുപ്പത് ലക്ഷം) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും പലിശരഹിത വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരമുള്ള അനുമതി ലഭിക്കുന്നതിനായി പാലാ നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. പരാമർശം (1) ഉത്തരവിനു വിധേയമായി പലിശരഹിത വായ്പ അനുവദിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി പരാമർശം (2) പ്രകാരം സമ്മതപത്രം നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിനു വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 30,00,000/- (മുപ്പത് ലക്ഷം) രൂപ പലിശരഹിത വായ്പയെടുക്കുന്നതിന് പാലാ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, പാലാ നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, ട്രാൻ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ